- വിവാഹത്തിൻെറ കാര്യത്തിലോ, വിവാഹമോചനത്തിൻെറ കാര്യത്തിലോ മാതാപിതാക്കളുമായി ഭിന്നത വരികയാണെങ്കിൽ ഇസ്ലാമിക ശരീഅത്തനുസരിച്ച് പ്രവർത്തിക്കുക. അതിലാണ് നന്മയുള്ളതും, നിൻെറ സഹായം കുടികൊള്ളുന്നതും.
- മാതാപിതാക്കൾ നന്മയ്ക്കോ, തിന്മയ്ക്കോ പ്രാർത്ഥിച്ചാലും ഉത്തരം ലഭിക്കുന്നതാണ്. അത്കൊണ്ട് അവരോട് നന്മയ്ക്ക് വേണ്ടി പ്രാർത്ഥിപ്പിക്കുക. തിന്മയ്ക്ക്വേണ്ടി അവർ പ്രാർത്ഥിക്കുന്നതിനെ നീ കരുതിയിരിക്കുക.
- ജനങ്ങളുമായി മര്യാദയോടെ പെരുമാറുക. ജനങ്ങളെ നീ ചീത്ത പറയുകയാണെങ്കിൽ അവർ നിന്നെയും, മാതാപിതാക്കളെയും ചീത്ത വിളിക്കുന്നതാണ്. പ്രവാചകൻ (ﷺ) പറയുന്നു:

  مِن الْكَبائِرِ شتم الرجل والِديهِ يسب أبا الرجل، فَيسب أَباه، ويسب أُمه فَيسب أُمه . (متفقن عليه)

  “ഒരാൾ തൻെറ മാതാപിതാക്കളെ ശകാരിക്കുകയെന്നത് വൻപാപങ്ങളിൽ പെട്ടതാകുന്നു. ഒരാൾ മറ്റൊരാളുടെ പിതാവിനെ ചീത്ത പറയുമ്പോൾ അയാൾ ഇവൻെറ പിതാവിനെയും ചീത്തപറയും. ഒരാൾ മറ്റൊരാളുടെ മാതാവിനെ ചീത്ത പറയുമ്പോൾ അയാൾ ഇവൻെറ മാതാവിനേയും ചീത്ത പറയുന്നതാണ്. (ബുഖാരി-മുസ്ലിം)
- മാതാപിതാക്കളെ അവർ ജീവിച്ചിരിക്കുമ്പോഴും അവർ മരിച്ചാലും സന്ദർശിക്കുകയും, അവരുടെ പേരിൽ സ്വദഖകളും ദാനധർമ്മങ്ങളും അധികരിപ്പിക്കുകയും ചെയ്യുകയും അവർക്ക് വേണ്ടി ധാരാളം പ്രാർത്ഥിക്കുകയും ചെയ്യുക. അവർക്ക് വേണ്ടി ഇങ്ങനെ പ്രാർത്ഥിക്കുക.

  رَّبِّ ٱغْفِرْ لِى وَلِوَٰلِدَىَّ

  “എൻെറ രക്ഷിതാവേ, എനിക്കും എൻെറ മാതാപിതാക്കൾക്കും നീ പൊറുത്ത് തരേണമേ”. (നൂഹ്:28)

  رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِى صَغِيرًا

  “എൻെറ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റി വളർത്തിയതു പോലെ ഇവരോട് നീ കരുണ കാണിക്കേണമേ.” (സൂറ: അൽഇസ്റാഅ്: 24)

---

**ശൈഖ് .മുഹമ്മദ് ബ്നു ജമീൽസൈനു (رحمه الله) വിൻെറ ഗ്രന്ഥത്തിൽ നിന്ന്.**
**വിവർത്തകൻ : സയ്യിദ് സഅ്ഫർ സാദിക്വ് മദീനി (ജുബൈൽ ദഅ്വ സെൻറർ)**

**ജുബൈൽ ഇന്ത്യൻ ഇസ്ലാഹീ സെൻ്റർ**
Behind Da’wah Center – Makkah Street – Jubail
Phone : 361 6730 / 362 5500 ext. 1030

# മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ

## ഇഹലോകത്തും പരലോകത്തും വിജയമാഗ്രഹിക്കുന്നവർ താഴെ വരുന്ന വസിയ്യത്തുകൾ പ്രാവർത്തികമാക്കട്ടെ

- മാതാപിതാക്കളോട് മര്യാദയോടെ സംസാരിക്കുക, അവരോട് ‘ഛേ’ എന്ന ഒരു വാക്കുപോലും പറയാതിരിക്കുക. അവർ പറയുന്നതിന് മറുത്തു പറയാതിരിക്കുക. അവരോട് മാന്യമായ വാക്കുകൾ പറയുക. അവരോട് വിനയവും കാരുണ്യവും കാണിക്കുക.
- തെറ്റുകളല്ലാത്ത മുഴുവൻ കാര്യങ്ങളിലും മാതാപിതാക്കളെ അനുസരിക്കുക. സ്രഷ്ടാവിനെ ധിക്കരിക്കുന്നതിൽ ആരെയും അനുസരിക്കാൻ പാടില്ല.
- മാതാപിതാക്കളോട് അനുകമ്പയോടെ പെരുമാറുക. അവരോട് മുഖം ചുളിക്കാതിരിക്കയും ദേഷ്യത്തോടെ അവരെ നോക്കാതിരിക്കയും ചെയ്യുക.
- മാതാപിതാക്കളുടെ മാന്യതയും, അഭിമാനവും, അവരുടെ സമ്പത്തും കാത്ത് സൂക്ഷിക്കുക. അവരുടെ അനുവാദം കൂടാതെ അവരുടെ സമ്പത്തുകളിൽ നിന്ന് യാതൊന്നും എടുക്കാതിരിക്കുക.
- അവർ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുക; അവർ ആവശ്യപ്പെട്ടിട്ടില്ലെങ്കിലും കൂടി. ഉദാഹരണമായി അവർക്ക് സേവനം ചെയ്യുക; അത്യാവശ്യ സാധനങ്ങൾ വാങ്ങുക, വിജ്ഞാനം അന്വേഷിക്കുക പോലെയുള്ള കാര്യങ്ങൾ.
- പ്രവർത്തനങ്ങൾ മുഴുവനും അവരുമായി കൂടിയാലോചിക്കുക; അവരുടെ അഭിപ്രായത്തിന് എതിരായി വല്ലതും പ്രവർത്തിക്കണമെങ്കിൽ അവരോട് സമ്മതം ചോദിക്കുക.
- മാതാപിതാക്കളുടെ വിളിക്ക് പുഞ്ചിരിക്കുന്ന മുഖവുമായി പെട്ടെന്ന് ഉത്തരം നൽകുക. എൻെറ ഉപ്പാ, എൻെറ ഉമ്മാ എന്ന് വിളിക്കുക. ഡാഡി, മമ്മി, ബാബാ, മാമായെന്ന വാചകങ്ങൾ ഒഴിവാക്കുക. അത് പാശ്ചാത്യൻ സംസ്കാരമാണ്.
- മാതാപിതാക്കളുടെ ജീവിതകാലത്തും, അവരുടെ മരണത്തിന് ശേഷവും അവരുടെ കൂട്ടുകാരെയും, സുഹൃത്തുക്കളെയും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക.

- അവരോട് തർക്കിക്കുകയോ അവരുടെ ആക്ഷേപിക്കുകയോ ചെയ്യാതിരിക്കുക, മറിച്ച് മര്യാദയോടെ ശരി എന്തെന്ന് സൗമ്യമായി വ്യക്തമാക്കി കൊടുക്കുക.
- മാതാപിതാക്കളോട് എതിര് പ്രവർത്തിക്കാതിരിക്കുകയും, അവരുടെ മുന്നിൽ വെച്ച് ശബ്ദം ഉയർത്താതിരിക്കുകയും ചെയ്യുക. അവർ സംസാരിക്കുമ്പോൾ നിശബ്ദനായിരിക്കുകയും, അവരോട് മര്യാദയോടെ പെരുമാറുകയും ചെയ്യുക. മാതാപിതാക്കളോടുള്ള ബഹുമാനാർത്ഥം വീട്ടിൽ മറ്റുള്ളവരെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കുക.
- മാതാപിതാക്കൾ വീട്ടിലേക്ക് പ്രവേശിക്കുമ്പോൾ അവരെ ആദരിക്കുവാനായി എഴുന്നേൽക്കുകയും, അവരുടെ തല ചുംബിക്കുകയും ചെയ്യുക. (അറബികൾക്കിടയിലെ ഒരാചാരം എന്നതിലുപരി മതത്തിൽ ഇതിന് രേഖയുള്ളതായി അറിയാൻ സാധിച്ചിട്ടില്ല.- വിവ:)
- വീട്ടിൽ ഉമ്മയെ സഹായിക്കുക, പിതാവിനെ ജോലിയിൽ സഹായിക്കാൻ മറക്കാതിരിക്കുകയും ചെയ്യുക.
- പ്രധാനപ്പെട്ട കാര്യത്തിനാണെങ്കിൽ പോലും അവരുടെ അനുവാദമില്ലാതെ യാത്ര ചെയ്യാതിരിക്കുക. അനിവാര്യമാണെങ്കിൽ അവരോട് ക്ഷമ ചോദിക്കുക. യാത്രയിൽ അവരുമായുള്ള ബന്ധം വിച്ഛേദിക്കാതിരിക്കുക.
- മാതാപിതാക്കളുടെയടുത്തേക്ക് അവരുടെ അനുവാദമില്ലാതെ പ്രവേശിക്കരുത്. പ്രത്യേകിച്ച് അവർ ഉറങ്ങുമ്പോഴും വിശ്രമിക്കുമ്പോഴും.
- നിഷിദ്ധമായ പുകവലിക്ക് നീ അടിപ്പെട്ടവനാണെങ്കിൽ അവരുടെ മുന്നിൽ വെച്ച് പുകവലിക്കാതിരിക്കുക. പുകവലി ഹറാമാകുന്നു.
- അവർക്ക് മുമ്പ് ഭക്ഷണം കഴിക്കാതിരിക്കുക, ഭക്ഷണവും പാനീയവും നൽകി അവരെ ആദരിക്കുക.
- അവരോട് ഒരിക്കലും കളവ് പറയരുത്. നീ ഇഷ്ടപ്പെടാത്ത വല്ല കാര്യവും അവർ ചെയ്താൽ അവരെ നീ ആക്ഷേപിക്കരുത്.
- മാതാപിതാക്കളേക്കാൾ നിന്റെ ഭാര്യക്കോ നിന്റെ മക്കൾക്കോ നീ ഒരു കാര്യത്തിലും പ്രാധാന്യം നൽകരുത്. കാരണം മാതാപിതാക്കളുടെ തൃപ്തിയിലാണ് അല്ലാഹുവിന്റെ തൃപ്തി. മാതാപിതാക്കളുടെ കോപത്തിലാണ് അല്ലാഹുവിന്റെ കോപവും.
- മാതാപിതാക്കൾ ഇരിക്കുന്നതിനേക്കാൾ ഉയർന്ന സ്ഥലത്ത് ഇരിക്കാതിരിക്കുകയും അവരുടെ സാന്നിദ്ധ്യത്തിൽ അഹങ്കാരസ്വഭാവത്തോടെ കാൽ നീട്ടിയിരിക്കാതിരിക്കുകയും ചെയ്യുക.
- ഉന്നത ജോലിയിലാണെങ്കിലും നിന്റെ പിതാവിലേക്ക് ചേർത്തിപ്പറയുന്നതിൽ നീ ഒരിക്കലും വെറുപ്പ് കാണിക്കാൻ പാടില്ല. മാതാപിതാക്കളുടെ ഉപദേശം അവഗണിക്കുന്നതിനെയും, അവരെ ഒരു ചെറിയ വാക്ക് കൊണ്ട്പോലും ഉപദ്രവിക്കുന്നതും കരുതിയിരിക്കുക.
- മാതാപിതാക്കൾ ആവലാതി ബോധിപ്പിക്കുന്ന രൂപത്തിൽ അവർക്ക് ചെലവഴിക്കുന്നതിൽ പിശുക്ക് കാണിക്കാതിരിക്കുക. അത് നിന്റെ പോരായ്മയാണ്. അതുപോലെ നിനക്ക് നിന്റെ സന്താനങ്ങളിൽ നിന്നും അത് ലഭിക്കും. കാരണം കണ്ട് പഠിക്കുന്നതാണ് അവർ ജീവിതത്തിൽ പ്രാവർത്തികമാക്കുക.
- മാതാപിതാക്കളെ സന്ദർശിക്കുന്നത് അധികരിപ്പിക്കുകയും, അവർക്ക് പാരിതോഷികങ്ങളും മറ്റും നൽകുകയും ചെയ്യുക. നിന്നെ പരിപാലിച്ചതിനും, അതിനവർ സഹിച്ച ത്യാഗത്തിനും അവർക്ക് നന്ദി ചെയ്യുക. ഇതെല്ലാം സ്വന്തം സന്താനങ്ങളെ പഠിപ്പിക്കുകയും ചെയ്യുക.
- ഏറ്റവും കൂടുതൽ നീ ആദരിക്കേണ്ടത് നിന്റെ മാതാവിനെയാണ്, പിന്നെ നിന്റെ പിതാവിനെ. മാതാപിതാക്കളുടെ കാൽകീഴിലാണ് സ്വർഗമെന്ന് നീ മനസിലാക്കുക.
- മാതാപിതാക്കളെ ഉപദ്രവിക്കുന്നതും, അവർ കോപിക്കുന്നതും നീ കരുതിയിരിക്കുക. കാരണം അത് ഇഹലോകത്തും പരലോകത്തും ദൗർഭാഗ്യമാണ്. മാതാപിതാക്കളോട് നീ പെരുമാറുന്നത് പോലെയായിരിക്കും നിന്റെ സന്താനങ്ങൾ നിന്നോട് പെരുമാറുന്നത്.
- മാതാപിതാക്കളോട് വല്ലതും ആവശ്യപ്പെടുകയാണെങ്കിൽ വളരെ അനുകമ്പയോടെ ചോദിക്കുക. അവർ നിനക്ക് നൽകിയാൽ അതിന് അവർക്ക് നന്ദി പറയുകയും നൽകിയില്ലെങ്കിൽ ക്ഷമിക്കുകയും ചെയ്യുക. ചോദിച്ച് അവരെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കുക.
- ഉപജീവനമാർഗം തേടാൻ കെൽപുള്ളവനാണെങ്കിൽ അത് നീ നിർവ്വഹിക്കുകയും മാതാപിതാക്കളെ അതിൽ സഹായിക്കുകയും ചെയ്യുക.
- നിനക്ക് നിന്റെ മാതാപിതാക്കളോട് ചില കടമകളും, നിന്റെ ഭാര്യയോട് ചില കടമകളുമുണ്ട്. എല്ലാവർക്കും അവരവരുടെ അവകാശങ്ങൾ നൽകുക. മാതാപിതാക്കൾക്കും ഭാര്യക്കുമിടയിൽ വല്ല ഭിന്നതകളും വന്നാൽ അവരെ യോജിപ്പിക്കുന്നതിനായി നീ പരിശ്രമിക്കുക. ഓരോരുത്തർക്കും രഹസ്യമായി പാരിതോഷികങ്ങളും മറ്റും നീ നൽകുക.
- മാതാപിതാക്കൾ നിന്റെ ഭാര്യയോട് വല്ല വിധത്തിലും കയർത്ത് സംസാരിക്കുകയും, ആക്ഷേപിക്കുകയും ചെയ്താൽ നീ ഒരു വിധികർത്താവിനെപ്പോലെ വളരെ ഭക്തിയോടെ അവർക്കിടയിൽ പെരുമാറുക. ഭാര്യയുടെ ഭാഗത്താണ് നീതിയും സത്യവുമെങ്കിൽ ഭാര്യയോട് പറഞ്ഞ് മനസിലാക്കി കൊടുക്കുക, ഞാൻ മാതാപിതാക്കളെ അനുസരിക്കാൻ ബാധ്യസ്ഥനാണ്, അത്കൊണ്ട് തന്നെ അവരെ ധിക്കരിക്കാൻ എനിക്ക് സാധ്യമല്ല, നീ ക്ഷമിക്കുകയെന്നൊക്കെ പറഞ്ഞ് ഭാര്യയെ സമാധാനിപ്പിക്കുക.